	(സി) പോളിടെക്നിക് (ഒന്നും രണ്ടും മൂന്നും വർഷ ക്ലാസ്സുകൾ)	എഞ്ചിനീയറിംഗ് കോളേജ് (ഒന്നും രണ്ടും മൂന്നും നാലും വർഷ ക്ലാസ്സുകൾ)
തമിഴ്നാട്	47400	24400
കർണാടക	26400	46500
ആന്ധ്രപ്രദേശ്	20700	24800
മഹാരാഷ്ട്ര	39600	33600

മറ്റു സംസ്ഥാനങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

സ്വകാര്യ വിദ്യാലയങ്ങൾ

181. [463] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വകാര്യ മേഖലയിലെ ഹൈസ്ക്കൂളുകൾ എത്ര ;

(ബി) യു. പി. സ്ക്കൂളുകളെത്ര ; എൽ. പി. സ്ക്കൂളുകളെത്ര ;

(സി) സ്വകാര്യ സ്ക്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും മറ്റു ജീവനക്കാരും എത്ര വീതമാണെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1462

(ബി) 1963 യു. പി. സ്ക്കൂളുകൾ. 4210 എൽ. പി. സ്ക്കൂളുകൾ.

(സി) 17-7-1984 ൽ 115947 അദ്ധ്യാപകർ സ്വകാര്യ സ്ക്കൂളുകളിൽ ഉണ്ട്. മറ്റു ജീവനക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

സ്വകാര്യ സ്ക്കൂളുകളിലെ ഫിക്സേഷൻ

182. [464] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്റ്റാഫ് ഫിക്സേഷൻ വൈകിയതുമൂലം സ്വകാര്യ സ്ക്കൂൾ അദ്ധ്യാപകരുടെ 7/85-ലെ ശമ്പളം നൽകാതിരുന്നതിനെപ്പറ്റി അദ്ധ്യാപക സംഘടനാനേതാക്കളുമായി മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ചർച്ച നടത്തിയോ ;

(ബി) ഈ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ അതോ കോടതി വിധിയുടെ അടിസ്ഥാനത്തിലാണോ അദ്ധ്യാപകർക്ക് ശമ്പളം നൽകിയത് ;

(ഡി) പുതിയ ഫിക്സേഷൻ തീരുമാനത്തെ മാനേജർമാർ സ്വാഗതം ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ചർച്ച നടത്തിയിരുന്നു.

(ബി) ജൂലൈ മാസത്തെ ശമ്പളം നൽകാൻ തീരുമാനിച്ചു.

(സി) ചർച്ചയുടെ അടിസ്ഥാനത്തിലാണ്.

(ഡി) മാനേജർമാർ എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly